പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2082. 10.10.2011-ൽ മറുപടിയ്ക്ക്

## എക്സറേ-യൂണിറ്റുകൾ പ്രവർത്തിക്കുന്നതിന് ആണവ നിയന്ത്രണ ബോർഡിന്റെ അനുമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം ഹംസ : | | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | സർക്കാർ/സ്വകാര്യ ആശുപത്രി കളിലെ എക്സറേ- യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ആണവ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണോ; | (എ) | ആവശ്യമാണ്. |
| (ബി) | നിലവിൽ സർക്കാർ/സ്വകാര്യ ആശു പത്രികളിലെ എക്സറേ- യൂണിറ്റുകൾ അപ്രകാരമാണ് പ്രവർത്തിക്കുന്നത് എന്നുറപ്പുവരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിലു ള്ളത്; പ്രസ്തുത സംവിധാനം ഫലപ്രദമല്ലെന്ന ആക്ഷേപം ശ്രദ്ധ യിലുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീക രിക്കുമോ; | (ബി) | റേഡിയേഷൻ സുരക്ഷ ഉറപ്പു വരുത്താൻ അറ്റോമിക് എനർജി റഗുലേറ്ററി ബോർഡ് ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയെ അധികാര പ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ആശുപത്രികളിൽ റേഡിയേഷൻ സുരക്ഷ ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയിലെ ഉദ്യോഗസ്ഥർ ഈ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും അറ്റോമിക് എനർജി റഗുലേറ്ററി ബോർഡ് നിഷ്കർ ഷിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുവാൻ രേഖാമൂലം നിർബന്ധിക്കുകയും അതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാ ക്കുകയും ചെയ്യുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ആരോഗ്യപരവും നിയമ-സാങ്കേതി കപരവുമായ വിഷയങ്ങളെ കുറിച്ച് തുടർവിദ്യാഭ്യാസ പരിപാടി യിലൂടെ അറിവ് നൽകുന്നു. |

(സി) സ്വകാര്യ ആശുപത്രികളിലും വൻകിട സ്വകാര്യ ലാബുകളിലും മതിയായ യോഗ്യതയില്ലാത്തവർ ആണ് എക്സ്റേ സ്കാനിംഗ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നത് എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരകാരുടെ യോഗ്യത ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദാംശം ലഭ്യമാക്കുമോ?

(സി) ഉണ്ട്; റേഡിയേഷൻ സേഫ്റ്റി ഉദ്യോഗസ്ഥർ എക്സറേ ലാബുകൾ ഇടക്കിടെ പരിശോധിച്ച് സുരക്ഷ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്ക് പിഴ ചുമത്താറുണ്ട്. നിശ്ചിത യോഗ്യത യില്ലാത്ത ജീവനക്കാർ ഇതു പ്രവർത്തിപ്പിക്കുന്നതു മൂലമുണ്ടാകുന്ന ആരോഗ്യവും നിയമപരവും സാങ്കേതിക വുമായ വസ്തുതകളെ കുറിച്ച് സ്ഥാപനാധികാരികളെ അറിയിക്കുന്നുണ്ട്. യോഗ്യത നേടാത്ത ജീവനക്കാർക്കായി റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ് തുടർ വിദ്യാഭ്യാസ പരിപാടികൾ നടത്തി വരുന്നു.

സെക്ഷൻ ആഫീസർ